**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3178** **26-06-2024 - ൽ മറുപടിയ്ക്ക്**

**ചവറ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചവറ നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണത്തിനായി ഫണ്ടുകൾ അനുവദിച്ച് ഉത്തരവായിട്ടും പണികൾ ആരംഭിക്കാൻ കഴിയാത്ത റോഡുകൾ ഏതൊക്കെ ആണെന്നും എത്ര തുകയാണ് നവീകരണത്തിന് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾ ഇതുവരെയും ആരംഭിയ്ക്കാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ? | (എ) | ചവറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖേന നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികളിൽ ഉൾപ്പെട്ട, പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്ത റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>കെ.ആർ.എഫ്.ബി - പി.എം.യു മുഖേന നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്ത റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>**വെറ്റമുക്ക് – തേവലക്കര - മൈനാഗപ്പള്ളി – ശാസ്താംകോട്ട - മണപ്പള്ളി - കാഞ്ഞിരത്തുംമൂട് - താമരക്കുളം**<br><br>പ്രസ്തുത പദ്ധതി പ്രവൃത്തിക്കായി 20.08.2016 ൽ 50 കോടി രൂപയുള്ള തത്വത്തിലുള്ള ഭരണാനുമതിയും 21.08.2017 തീയതിയിൽ കിഫ്ബിയിൽ നിന്നും 62.53 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ BM വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം പ്രവൃത്തി 09.03.2022 ൽ foreclose ചെയ്തിരുന്നു. ബാലൻസ് പ്രവൃത്തിക്കുൾപ്പടെ 08.01.2024 ൽ കിഫ്ബിയിൽ നിന്നും 68.45 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. ബാക്കി പ്രവൃത്തിയ്ക്ക് M/s. Beogorra Infrastructure Pvt Ltd എന്ന കരാറുകാരൻ 07.06.2024 ൽ എഗ്രിമെന്റ് വച്ചിട്ടുള്ളതാണ് പ്രവൃത്തി ആരംഭിക്കുന്ന തിനായുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>**കോസ്റ്റൽ ഹൈവേ - റീച്ച്-3 (ഇടപ്പള്ളിക്കോട്ട മുതൽ അഴീക്കൽ വരെ)** |

| | | | |
|---|---|---|---|
| | | | കോസ്റ്റൽ ഹൈവേയുടെ ഭാഗമായ കൊല്ലം ജില്ലയിലെ ഇടപ്പള്ളിക്കോട്ട മുതൽ അഴീക്കൽ വരെയുള്ള റീച്ച് -3 ന്റെ നിർമ്മാണ പ്രവൃത്തിക്കായി 20.08.2022 ൽ കിഫ്ബിയുടെ ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടെ 122 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് 30.19 ലക്ഷം രൂപയുടെ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് ഈ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

G3 - 3178

അനുബന്ധം

| Sl.No | Name of Work | AS No. & Date | Amount in (Lakhs) | Present Status / Reason for delay |
|---|---|---|---|---|
| 1 | SF 2023-24 Providing BC overlay to Chavara-Pattakadavu road from Km. 5/000 to 9/000 and Sasthamcotta-Pattakadvu road from Km. 1/200 to 4/800 | GO(Rt) No. 284/2024/PWD dated Thiruvananthapuram 28.02.2024 | 450 | സാങ്കേതികാനുമതി [illegible] പരിശോധനയിലാണ് |
| 2 | RP Work 2023 Providing BM & BC to Neendakara Grama Panchayathu office-Mannathara via Velamthuruthu Ambili Jn road | GO(Rt) No. 130/2024/PWD dated Thiruvananthapuram 02.02.2024 | 324.3 | ടെണ്ടർ നടപടി പുരോഗമിക്കുന്നു |
| 3 | Budget provision 2023-24 Improvements by providing BM & BC to old NH-3 bit roads | GO(Rt) No. 1089/2023/PWD dated 08.08.2023 Thiruvananthapuram | 122 | 8 തവണ ടെണ്ടർ ചെയ്യെങ്കിലും ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

Flag A

Flag B

Flag C